MR. K. A. MUHAMMED : കോവാപ്പറേറ്റീവ് ബ്രാഞ്ച് ഓഫീസ് കെട്ടിടത്തിന് വാടകയിനത്തിൽ വല്ല തുകയും ചെലവുവന്നിട്ടുണ്ടോ?

HON'BLE MR. A. THANU PILLAI : കോവാപ്പറേറ്റീവ് ബ്രാഞ്ച് ഓഫീസ് പുതിയ പബ്ലിക്ക് ആഫീസിലാണ് ഇട്ടിരിക്കുന്നത്. അതുകൊണ്ടു വാടക കൊടുക്കേണ്ട ആവശ്യമില്ല.

Miss ANNIE MASCARENE : പെട്രോൾ റേഷനിംഗ് ആഫീസ് ഇപ്പോൾ ഇട്ടിരിക്കുന്ന കെട്ടിടത്തിനു പ്രതിമാസം എത്ര രൂപ വാടക കൊടുക്കുന്നു?

HON'BLE MR. A. THANU PILLAI : പെട്രോൾ റേഷനിംഗ് ആഫീസുമാത്രമല്ല, അതുപോലെ പല ആഫീസുകളും വാടകകെട്ടിടങ്ങളിൽ ഇട്ടിട്ടുണ്ട്. ഓരോ ആഫീസും ഇട്ടിരിക്കുന്ന കെട്ടിടത്തിന് എന്തു വാടകയാകുമെന്ന് അനേഷിച്ചു വേണമെങ്കിൽ പറയാം.

Miss ANNIE MASCARENE: മുൻപ് 6 രൂപ വാടകയ്ക്കുകൊടുത്തിരുന്ന ആ കെട്ടിടം ഇപ്പോൾ 600 രൂപാ കൊടുത്താണു വാടകയ്ക്കെടുത്തിരിക്കുന്നതെന്നറിയാമോ?

HON'BLE MR. A. THANU PILLAI : ഇപ്പോഴത്തെ വാടകയെ സംബന്ധിച്ചു പറയുന്നതുപോലെതന്നെ മുൻപു ആ കെട്ടിടത്തിനു എന്തു വാടകയാണുണ്ടായിരുന്നതെന്നും അനേഷിച്ചു മാത്രമെ പറയാൻ സാധിക്കുകയുള്ളു.

MR. D. GNANASIGAMONY (*Kalkulam II—General*) : May I know, is the rent fixed according to the Rent Control Order in vogue?

HON'BLE MR. A. THANU PILLAI : കെട്ടിടങ്ങൾ പലതും റെൻറ് കൺട്രോൾ ആർഡർ വരുന്നതിനു മുൻപാണു എടുത്തിരിക്കുന്നതു.

MR. D. GNANASIGAMONY : May I know when was that building rented out to the Bank?

HON'BLE MR. A. THANU PILLAI : നോട്ടീസുവേണം.

കുടിയിറക്ക്.

283. MR. P. CHACKO : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട തൊഴിൽവകുപ്പു മന്ത്രി സദയം മറുപടി പറയുമോ?

(എ) പാരമ്പര്യമായി അന്യന്മാരുടെ വസ്തുക്കളിൽ താമസിക്കുകയും വച്ചുകെട്ടുകൾ ചെയ്തു പുരപ്പണികൾ അറ്റകുറ്റപ്പെടുത്തുകയും ചെയ്തിട്ടുള്ള വസ്തുരഹിതരായ പാവപ്പെട്ട തൊഴിലാളികളെ ഈ

LIBRARY ARCHIVES Kerala Legislative Assembly

അടുത്തകാലത്തു മുതലാളിമാർ നിർദ്ദാക്ഷിണ്യം കുടിയിറക്കിവിടുന്നതു നിമിത്തം ധാരാളം ആളുകൾ വേനക്കാളില്ലാതെ കഷ്ടപ്പെടുന്നതായി ഗവണ്മെൻറിനറിയാമോ?

(ബി) പാർപ്പിടമില്ലാത്ത ആളുകൾക്ക് പാർപ്പിടമുണ്ടാക്കുന്നതിനുള്ള പദ്ധതി ഗവണ്മെൻറു സ്വീകരിക്കുമോ?

(സി) നിർബന്ധിതകുടിയിറക്കു സമ്പ്രദായം പരുതാപകരമായിട്ടുള്ളതാകയാൽ ഒരു നിയമംമൂലം അതിനെ തടയുന്നതിനു ബഹുമാനപ്പെട്ട ഗവണ്മെൻറിനു സന്മനസ്സുണ്ടാകുമോ?

HON'BLE MR. C. KESAVAN : (എ) ഇല്ല.

(ബി) ഇല്ല.

(സി) ഗവണ്മെൻറിന്റെ ശ്രദ്ധയിൽ ഇരിക്കുന്നകാര്യമാണ്.

MR. P. CHACKO : ഇതേപ്പറ്റി ഈ സഭയിലെ പല മെമ്പറന്മാരും ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതുകൊണ്ടു അനാവശ്യമായി കുടിയിറക്കുന്നതിനെ തടയുന്നതിനുള്ള ശ്രമം ചെയ്യേണ്ടതാണെന്നു ഗവണ്മെൻറു വിചാരിക്കുന്നുണ്ടോ?

HON'BLE MR. C. KESAVAN : ശ്രമിക്കുന്നുണ്ട്. ഈ ചോദ്യത്തിനുള്ള സമാധാനവും ഇതിൽ പറഞ്ഞിട്ടുണ്ട്.

## ചിറയിൻകീഴ് താലൂക്കിലെ റോഡുകൾ.

289. MR. P. NANOO (*Chirayinkil II—General*) : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പി. ഡബ്ലിയു. മന്ത്രി സഭയം മറുപടി പറയുമോ?

(എ) ചിറയിൻകീഴ താലൂക്കിൽ പൊതുജനങ്ങൾ വെട്ടിയുണ്ടാക്കിയ റോഡുകൾ എത്ര ഉണ്ടു? അവ ഏതെല്ലാമാണ്?

(ബി) ഈ റോഡുകൾ ഗവണ്മെൻറിൽനിന്നും ഏറ്റെടുത്തു ഉപയോഗപ്രദമാക്കുന്നതിന് വല്ല നടപടിയും നടത്തിട്ടുണ്ടോ?

HON'BLE MR. A. ATCHUTHAN : 1. No ryots road in conformity with all the conditions laid down in the Ryots Roads Rules has been cut open in Chirayinkil taluk by the Public, A list of ryots roads partly constructed by them is given below :

Road from Njeckad to Panayara to Chavarcod (6th mile Varkala Kallambalam road to 6th mile Paripally road) length 3½ miles.

Road from Kattuchantha to Ponganad (5/7 of Nagaroor-Kallambalam road to 3/6 of Kilimanoor Madavoor road) length 3 miles and 3 furlongs.

LIBRARY ARCHIVES Kerala Legislative Assembly